നിർദ്ദേശം കർശനമായി പാലിക്കുന്നതിന് 9-9-2002-ലെ 14834/Adv.C3/02/P&ARD നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിനുപുറമെ 19-2-2005-ലെ 14948/Adv. C3/04/P&ARD നമ്പർ സർക്കുലറിൽ എം.എൽ.എ. മാരിൽനിന്നും പാർലമെന്റ് അംഗങ്ങളിൽനിന്നും ലഭിക്കുന്ന നിവേദനങ്ങൾക്ക് സുവ്യക്തവും ആദരപൂർവ്വവുമായ മറുപടി നൽകണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 8-4-2009-ലെ 16160/Adv. C3/08/P&ARD നമ്പൽ സർക്കുലർ പ്രകാരം എം.എൽ.എ. മാരിൽനിന്നും പാർലമെന്റ് അംഗങ്ങളിൽനിന്നും ലഭിക്കുന്ന കത്തുകൾക്ക് അവ ലഭിച്ചതായുള്ള അറിയിപ്പുകൾ കൃത്യമായി നൽകേണ്ടതാണെന്നും അങ്ങനെ ലഭിക്കുന്ന കത്തുകൾക്ക് ശ്രദ്ധാപൂർവ്വമായ പരിഗണന നൽകി അവയ്ക്ക് സത്വര മറുപടി നൽകേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങൾ

6 (4336) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ ഓരോ ജില്ലയിലും എത്ര ജീവനക്കാർ ഉണ്ടായിരുന്നുവെന്നും ഇതുവരെ ഓരോ വർഷവുമുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം ഡിപ്പാർട്ടുമെന്റ് തിരിച്ചും വർഷം തിരിച്ചും വെളിപ്പെടുത്തുമോ ;

(ബി) ഓരോ വർഷവും ഫ്രണ്ട്സ് കേന്ദ്രങ്ങളിൽ എത്രപേർ പണമടയ്ക്കുന്നുണ്ടെന്നും ഓരോ വർഷവും കളക്ട് ചെയ്ത പണം എത്ര ലക്ഷം വീതമെന്നും വെളിപ്പെടുത്തുമോ ;

(സി) ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം കൃത്യമായി മോണിറ്റർ ചെയ്യാറുണ്ടോ ; ഇതുവരെ എത്ര അവലോകന യോഗങ്ങൾ നടന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഫ്രണ്ട്സ് കേന്ദ്രങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ ഓരോ ജില്ലയിലെയും ജീവനക്കാരുടെ എണ്ണം വർഷം തിരിച്ചും ഡിപ്പാർട്ട്മെന്റ് തിരിച്ചും അനുബന്ധം -1 ൽ കൊടുത്തിട്ടുണ്ട്. *

(ബി) ഓരോ വർഷവും ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളിൽ എത്രപേർ പണമടയ്ക്കുന്നുണ്ടെന്നും ഓരോ വർഷവും കളക്ട് ചെയ്ത തുകയുടെ വിവരവും അനുബന്ധം-2 ൽ കൊടുത്തിട്ടുണ്ട്. *

(സി) ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യാറുണ്ട്. ചീഫ് സെക്രട്ടറി തലത്തിൽ കഴിഞ്ഞ വർഷം മൂന്ന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അവലോകനയോഗങ്ങൾ നടത്തിയിട്ടുണ്ട്. ജില്ലാ തലത്തിൽ തുടർച്ചയായി അവലോകനയോഗങ്ങൾ നടത്താറുണ്ട്.

(ഡി) ഫ്രണ്ട്സിന്റെ പുതിയ സോഫ്റ്റ്വെയറായ ഫ്രീസ് തിരുവനന്തപുരം ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റു ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളിലും പുതിയ സോഫ്റ്റ്വെയറിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക കൈപ്പറ്റാത്ത ഗുണഭോക്താക്കൾ

7 (4339) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ചതിൽ നെയ്യാറ്റിൻകര താലൂക്കിൽ നിന്നും നാളിതുവരെ തുക കൈപ്പറ്റാത്ത ഗുണഭോക്താക്കളുടെ പേര് വിവരം ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം നെയ്യാറ്റിൻകര താലൂക്കിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ചതിൽ 508 ഗുണഭോക്താക്കൾ തുക കൈപ്പറ്റിയിട്ടില്ല, അവരുടെ പേര് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

സെക്രട്ടേറിയറ്റിലെ പഞ്ചിംഗ് സിസ്റ്റം

8 (4341) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ ജീവനക്കാർക്ക് ഹാജർനില ഉറപ്പാക്കുവാനും സമയനിഷ്ഠ ഉറപ്പുവരുത്തുവാനുമായി പഞ്ചിംഗ് സിസ്റ്റം എന്നു മുതൽക്കാണ് നടപ്പിലാക്കിയത് ;

(ബി) പ്രസ്തുത സിസ്റ്റം നിർമ്മിക്കുന്നതിനും പ്രവർത്തനം ശരിയായി നടപ്പിലാക്കുന്നതിനും ഏതു കമ്പനിയെയാണ് ചുമതലപ്പെടുത്തിയത് ;

(സി) ആയതിലേക്ക് എന്ത് തുക ചെലവായി ;

(ഡി) പഞ്ചിംഗ് സിസ്റ്റത്തിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ പഞ്ചിംഗ് സിസ്റ്റം കൃത്യമായി പ്രാവർത്തികമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly